**റൂളിംഗ്**

നിയമവിരുദ്ധമായി ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച്

മി. സ്പീക്കർ: 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിൽ വൈഷമ്യങ്ങൾ നീക്കം ചെയ്യാനുള്ള 63-ാം വകുപ്പിലെ വ്യവസ്ഥയുടെ പിൻബലത്തിൽ ഒരു സർക്കാർ ഉത്തരവിലൂടെ പ്രസ്തുത നിയമത്തിലെ 72-ാം വകുപ്പിന് വിരുദ്ധമായൊരു നടപടി സ്വീകരിച്ചത് തികച്ചും നിയമവിരുദ്ധവും സഭാനടപടി ചട്ടങ്ങൾക്കും സബോർഡിനേറ്റ് ലെജിസ്ലേഷൻ തത്വങ്ങൾക്കും വിരുദ്ധവുമാണെന്നും അതുവഴി സഭാംഗങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന അവകാശങ്ങൾ ഹനിക്കപ്പെടുകയുണ്ടായെന്നുമാണ് ശ്രീ. റോജി എം. ജോൺ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ച പ്രധാന ആക്ഷേപം.

2021 ജൂലൈ 26-ാം തീയതിയിലെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 29/2021-ാം നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യത്തെ സംബന്ധിച്ചും അതുമൂലം ഉളവായ ക്രമരാഹിത്യത്തെ സംബന്ധിച്ചും ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി വിശദീകരിച്ചിട്ടുണ്ട്. അതോടൊപ്പം പരാമർശവിധേയമായ സർക്കാർ

ഉത്തരവിന് പകരമായിട്ടുള്ള സ്റ്റാറ്റ്യൂട്ടറി ഓർഡർ (SRO) ഗസറ്റിൽ വിജ്ഞാപനം നടത്തി കഴിഞ്ഞതായും ബഹുമാനപ്പെട്ട മന്ത്രി സഭയെ അറിയിച്ചിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. 2021-ലെ ശ്രീ. നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിലെ 62-ാം വകുപ്പിലെ നിബന്ധനയെ ഒരു സർക്കാർ ഉത്തരവിലൂടെ ഭേദഗതി ചെയ്തത് സംബന്ധിച്ച വിഷയം ഈ സമ്മേളനത്തിൽതന്നെ ജൂലൈ 27-ാം തീയതി ചോദ്യോത്തരവേളയിൽ സഭയിലുയർന്നുവരികയും സഭ പാസ്സാക്കിയ ഒരു നിയമത്തിലെ വ്യവസ്ഥയെ നടപടിക്രമങ്ങൾ പാലിക്കാതെ കേവലം ഒരു സർക്കാർ ഉത്തരവിലൂടെ ഭേദഗതി ചെയ്യുന്നതിനെതിരെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു. അതിന്റെകൂടി അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പുനഃപരിശോധിക്കുകയും നിയമത്തിലെ വ്യവസ്ഥകൾക്കും സഭാ ചട്ടങ്ങൾക്കും അനുരോധകമാകത്തക്കവിധത്തിൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നിലവിൽ വിദൂരവിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്ന സർവ്വകലാശാലകളിൽ

തുടർന്നും പ്രസ്തുത കോഴ്സുകൾ നടത്തുന്നതിലേയ്ക്കാവശ്യമായ അനുമതി നൽകിക്കൊണ്ടുള്ള S.R.O. (Statutory Rules and Order) ഗസറ്റിൽ വിജ്ഞാപനം ചെയ്ത് കഴിഞ്ഞതായി ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പുമന്ത്രി ഇവിടെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ച ആക്ഷേപങ്ങൾ പരിഹരിക്കപ്പെട്ടുകഴിഞ്ഞതായി കാണുന്നു. എന്നിരുന്നാലും ഇത്തരത്തിലുള്ള ന്യൂനതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻവേണ്ട ജാഗ്രത ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണെന്ന് ചെയർ ഓർമ്മപ്പെടുത്തുന്നു.